**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3243** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം ജനസംഖ്യാനുപാതികമായി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായി നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പുതിയ പബ്ലിക് ഹെൽത്ത് ആക്റ്റിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഫൈൻ ഈടാക്കുന്നതിനും മറ്റുമുള്ള അധികാരം നൽകാത്തതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശോധിച്ചിട്ടില്ല. പുതിയ പബ്ലിക് ഹെൽത്ത് ഓർഡിനൻസിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഫൈൻ ഈടാക്കുന്നതിനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് അതോറിറ്റിയായ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്. |
| (സി) | ആരോഗ്യ വകുപ്പിലെ മറ്റ് പാരാ മെഡിക്കൽ സ്റ്റാഫുകൾക്ക് പുതിയ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ വർദ്ധനവ് വരുത്തിയപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിവാക്കിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | ഇക്കാര്യം ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽ ശമ്പള പരിഷ്കരണ അനോമലി റക്റ്റിഫിക്കേഷൻ സെൽ രൂപീകരിക്കുന്ന മുറയ്ക്ക് അവിടെ ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ